"ഭരണഭാഷ – മാതൃഭാഷ"
**വ്യാവസായിക പരിശീലന വകുപ്പ്**
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, പി.എം.ജി,
തിരുവനന്തപുരം - 695033.

നമ്പർ : DT/2064/2022-A2 തീയതി : 17-12-2024

# സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകൾ പുനർവിന്യസിച്ചതിനെയും പുന:ക്രമീകരിച്ചതിനെയും തുടർന്ന് ടി തസ്തികയിൽ അധികമാകുന്ന രണ്ട് ജീവനക്കാരെ താത്കാലികമായി തസ്തിക മാറ്റി ക്രമീകരിക്കുന്നതിനായ ഓപ്ഷനുകളും, മറ്റ് ജീവനക്കാരെ സ്ഥലംമാറ്റി ക്രമീകരിക്കുന്നതിനായ അപേക്ഷകളും ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) ഡി.ജി.ടി.-യുടെ 05.04.2022-ലെ MSDE(DGT)-19/03(2)/2022-CD നമ്പർ കത്ത്
2) സർക്കാർ ഉത്തരവ് (കൈ) നമ്പർ. 21/2023/തൊഴിൽ, തീയതി: 04.07.2023
3) ട്രെയിനിംഗ് ഡയറക്ടറുടെ 07.11.2023-ലെ DT/2064/2022-A2 നമ്പർ ഉത്തരവ്
4) സർക്കാർ ഉത്തരവ് (കൈ) നമ്പർ. 32/2024/തൊഴിൽ, തീയതി: 13.09.2024
5) ട്രെയിനിംഗ് ഡയറക്ടറുടെ 11.11.2024-ലെ DT/2064/2022-A2 നമ്പർ ഉത്തരവ്
6) സർക്കാർ ഉത്തരവ് (കൈ) നമ്പർ. 44/2024/തൊഴിൽ, തീയതി: 11.12.2024

സൂചന (1), (2), (3), (4) എന്നിവകൾ അനുസരിച്ച് വകുപ്പിലെ 197 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകളിൽ നിന്നും 46 തസ്തികകൾ സൂചന (5), (6) എന്നിവ പ്രകാരം പുനർവിന്യസിച്ചതിനെയും പുന:ക്രമീകരിച്ചതിനെയും തുടർന്ന് ടി തസ്തികകൾ 165 എണ്ണം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. 2024-25 പരിശീലന വർഷത്തിൽ ടി 165 ACD ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിൽ 164 എണ്ണത്തിൽ മാത്രമേ ജീവനക്കാരെ നിലനിർത്തുവാൻ കഴിയുകയുള്ളൂ (എടപ്പാൾ ഐടിഐ ആരംഭിക്കാത്തതിനാൽ). എന്നാൽ വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിൽ 166 സ്ഥിരം ജീവനക്കാർ നിലവിലുണ്ട്. ആയതിനാൽ 2024-25 പരിശീലന വർഷത്തിൽ ടി തസ്തികയിൽ അധികമാകുന്ന രണ്ട് സ്ഥിരം ജീവനക്കാരെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ / ജൂനിയോരിറ്റി അനുസരിച്ച് മറ്റ് ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ പുനർവിന്യസിക്കുന്നതിനും, തുടർന്ന് ടി രണ്ട് ജീവനക്കാരെ ടി തസ്തികയിൽ എന്ന് ഒഴിവ് ഉണ്ടാകുന്നോ അന്ന് തിരികെ അബ്സോർബ് ചെയ്യുന്നതിനും സൂചന (5), (6) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ നിലവിൽ PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ചുവടെപ്പറയുന്ന

ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് താത്കാലികമായി മാറ്റി നിയമിക്കുന്നതിന് യോഗ്യതയുള്ള ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) കേഡറിലെ ജീവനക്കാരിൽ നിന്നും മാത്രം ചുവടെപ്പറയും പ്രകാരം ഓപ്ഷനുകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| തസ്തിക | : | ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്) |
| യോഗ്യത | : | Degree in Mechanical Engineering OR Diploma in Mechanical Engineering |
| സ്ഥാപനം | : | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ - 2 എണ്ണം |

| | | |
|---|---|---|
| ഓപ്ഷനുകൾ സ്ഥാപനമേധാവിക്ക് നൽകേണ്ട തീയതി | : | 23.12.2024, 4.00 PM |
| സ്ഥാപനമേധാവികൾ ഓപ്ഷനുകൾ അയച്ചുതരേണ്ട തീയതി | : | 24.12.2024, 4.00 PM |

<u>നിബന്ധനകൾ:-</u>

1 ) ലഭിക്കുന്ന ഓപ്ഷനുകളിൽ നിന്നും കേഡറിലെ സ്റ്റേറ്റ് സീനിയോരിറ്റി അനുസരിച്ച് ജൂനിയർ ഇൻ സ്ട്രക്ടർ (മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്) തസ്തികയിൽ താത്കാലികമായി മാറ്റി നിയമിക്കുന്നതാണ്.

2 ) ഓപ്ഷനുകളൊന്നും ലഭിക്കാത്ത പക്ഷം കേഡറിലെ സ്റ്റേറ്റ് ജൂനിയോരിറ്റിയും യോഗ്യതയും പരിഗണിച്ച് 2 ജീവനക്കാരെ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്) തസ്തികയിൽ താത്കാലികമായി മാറ്റി നിയമിക്കുന്നതാണ്.

3 ) ഇത്തരത്തിൽ മാറ്റി നിയമിക്കുന്നവരെ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിൽ എന്ന് ഒഴിവ് ഉണ്ടാകുന്നോ അന്ന് തിരികെ അബ്സോർബ് ചെയ്യുന്നതാണ്.

4) ഇത്തരത്തിൽ മാറ്റി നിയമിക്കുന്നവർ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിൽ എന്ന് ഒഴിവ് ഉണ്ടാകുന്നോ അന്ന് വരെ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്) തസ്തികയിൽ തുടരേണ്ടതാണ്.

5) ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷനുകൾ സ്ഥാപനമേധാവി സേവനപുസ്തകവും, സർട്ടിഫിക്കറ്റുകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ശിപാർശ സഹിതം അയച്ചുതരേണ്ടതാണ്.

കൂടാതെ സൂചന (5), (6) എന്നിവ പ്രകാരം പുനർവിന്യസിച്ചതിനെയും പുന:ക്രമീകരിച്ചതിനെയും തുടർന്ന് ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തിക 165 എണ്ണം മാത്രമായി നിജപ്പെടുത്തിയതിനാൽ ടി തസ്തിക നഷ്ടമായ സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥലംമാറ്റി ക്രമീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ തസ്തികകൾ ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റപ്പെട്ടാൽ 25.02.2017-ലെ സ. ഉ. (പി) നമ്പർ. 03/2017/ഉ.പ.ഭ.വ. ഖണ്ഡിക. 9(iv) പ്രകാരം നിലനിൽക്കുന്ന ജില്ല അടിസ്ഥാനമാക്കിയുള്ള കേഡർ ജൂനിയോരിറ്റി അനുസരിച്ചാണ് ജീവനക്കാരെ സ്ഥലംമാറ്റി ക്രമീകരിക്കേണ്ടത്. ആയതിനാൽ സൂചന (4), 5), (6) എന്നീ ഉത്തരവിന് മുമ്പ് ഉണ്ടായിരുന്ന എണ്ണത്തിന്റെയും സ്ഥാപനങ്ങളുടെയും അടിസ്ഥാനത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) കേഡറിൽ 2024 പൊതു സ്ഥലംമാറ്റത്തിന് ക്ഷണിച്ച ഓൺലൈൻ

അപേക്ഷകൾ ഇനി പരിഗണിക്കുവാൻ കഴിയുകയില്ല. കൂടാതെ തസ്തികകൾ ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റപ്പെട്ടാൽ മേൽ പ്രകാരം കേഡർ ജൂനിയോരിറ്റി അനുസരിച്ചാണ് ജീവനക്കാരെ സ്ഥലംമാറ്റി ക്രമീകരിക്കേണ്ടത് എന്നതിനാൽ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) കേഡറിൽ നിലവിൽ നിൽക്കുന്ന ജില്ലയുടെ അടിസ്ഥാനത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് ഇതിന് വേണ്ടി മാത്രം തയ്യാറാക്കിയ ജില്ലാതല സീനിയോരിറ്റി ലിസ്റ്റ് അനുബന്ധം-1 ആയി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ടി ലിസ്റ്റിന്മേൽ പരാതിയുള്ളവർ 23.12.2024-നകം സ്ഥാപനമേധാവിക്ക് ആയത് നൽകേണ്ടതാണ്. പരാതികൾ ലഭിക്കുന്ന പക്ഷം ആയത് സ്ഥാപനമേധാവികൾ 24.12.2024-ന് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. കൂടാതെ ടി കേഡറിൽ നിലവിലുള്ള ഒഴിവുകളുടെ (*2024-ൽ PSC നിയമനം ലഭിച്ച 6 പേരുടെ തസ്തികകളും പൊതു സ്ഥലംമാറ്റ വിജ്ഞാപനത്തിലെ ഖണ്ഡിക. 3 & 4 എന്നിവ പ്രകാരം ഒഴിവുകളായി പരിഗണിച്ച്*) ലിസ്റ്റും അനുബന്ധം-2 ആയി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ആയതുപോലെ തസ്തികകൾ ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റപ്പെട്ടാൽ മേൽ പ്രകാരം കേഡർ ജൂനിയോരിറ്റി അനുസരിച്ചാണ് ജീവനക്കാരെ സ്ഥലംമാറ്റി ക്രമീകരിക്കേണ്ടത് എന്നിരുന്നാലും ടി സ്ഥലംമാറ്റ ക്രമീകരണം പൊതു സ്ഥലംമാറ്റ പ്രക്രിയ അല്ലായെങ്കിലും ജൂനിയോരിറ്റി അനുസരിച്ച് തന്നെ മാനുഷികതയുടെ അടിസ്ഥാനത്തിൽ 25.02.2017-ലെ സ. ഉ. (പി) നമ്പർ. 03/2017/ഉ.പ.ഭ.വ. ഖണ്ഡിക. 11-ന്റെ അനുബന്ധത്തിലെ ക്രമനമ്പർ. 2 മുതൽ 6 വരെയും, 11 മുതൽ 13 വരെയും, 18 മുതൽ 19 വരെയും, ഖണ്ഡിക. 4-ലും, 26.09.2022-ലെ സ. ഉ. (എംഎസ്) നമ്പർ. 22/2022/ഉ.പ.ഭ.വ, 07.11.2022-ലെ സ. ഉ. (എംഎസ്) നമ്പർ. 24/2022/ഉ.പ.ഭ.വ. എന്നിവ പ്രകാരം ഉൾപ്പെട്ടവരെയും നിലവിൽ നിൽക്കുന്ന ജില്ലയിൽ നിലനിൽക്കുന്നതിന് വേണ്ടി മാത്രം ആയതിന്റെ മെരിറ്റ് അനുസരിച്ച് പരിഗണിക്കുന്നതാണ്. അതായത് **നിലവിൽ നിൽക്കുന്ന ജില്ലയിൽ നിലനിൽക്കുവാൻ വേണ്ടി മാത്രം** മേൽ പ്രകാരമുള്ളവർ ചുവടെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് ആയത് തെളിയിക്കുന്നതിന് വേണ്ട രേഖകൾ സഹിതം ആവശ്യമായ വിവരങ്ങൾ ഉൾപ്പെട്ട അപേക്ഷ സമർപ്പിക്കേണ്ടതാണ്, അല്ലാതെ **സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള യാതൊരു അപേക്ഷയും സമർപ്പിക്കുവാൻ പാടുള്ളതല്ല.** സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് സ്ഥാപനമേധാവികൾ നിരുപാധികം നിരസിക്കേണ്ടതാണ്.

<u>ഖണ്ഡിക. 11-ന്റെ അനുബന്ധം:-</u>

*2. അന്ധരായ ഉദ്യോഗസ്ഥർ*

*3. ഭിന്നശേഷിക്കാരായ ജീവനക്കാർ*

*4. മൂകരും ബധിരരുമായ ജീവനക്കാർ*

*5. സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim,*

*muscular dystrophy), ടൈപ്പ് വൺ പ്രമേഹ ബാധിതർ*

*6. മാനസിക പ്രശ്നമുള്ളവർ (mental disability)*

*1 1 . യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/ മകൻ/മകൾ), സൈനിക സേവനത്തിനിടെ 40%-ന് മുകളിൽ അംഗവൈകല്യം സംഭവിച്ച് Disability Pension-നോടെ വിരമിച്ച ജവാന്റെ ഭാര്യ/ഭർത്താവ്*

*12. സ്വാതന്ത്ര്യ സമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ*

*13. വിധവകൾ/വിഭാര്യർ/പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ*

*18. ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)*

*1 9 . അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ*

*<u>മേൽ മുൻഗണനകൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ</u>*

| | |
|---|---|
| *a. മുൻഗണന. 2 to 6* | മെഡിക്കൽ ബോർഡിന്റെ (% ഉള്ളത്) സർട്ടിഫിക്കറ്റ് |
| *b. മുൻഗണന. 11-ന്* | Zila Sainik Welfare ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| *c. മുൻഗണന. 12, 13* | Revenue അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| *d. മുൻഗണന. 18-ന്* | കര/നാവിക/വ്യോമ സേനകളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് |
| *e. മുൻഗണന. 19-ന്* | BSF,CRPF,ITBF,AR,GREF,NIA എന്നിവയുടെ സർട്ടിഫിക്കറ്റ് |

**<u>ഖണ്ഡിക. 4-ലെ അനുകമ്പാർഹം:-</u>**

*i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് *ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും*

*കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ)*

**അപകടമോ മൂലം ഒരു ജീവനക്കാരന് **സ്ഥായിയായ അവശത സംഭവിക്കുകയും*

*ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.*

*ii. ***വിദഗ്ദ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുക.*

*Iii. ജീവനക്കാരന്റെ ഭാര്യക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) *ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ ****പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ, മകൾക്കോ, മാതാവിനോ, പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യാന്താപേക്ഷിതമാണെന്ന് മെഡിക്കൽ*

*സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുമ്പോൾ.*

***മേൽ അനുകമ്പാർഹമായ കാരണങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ***

| | |
|---|---|
| *a. *ഗുരുതര രോഗം/അപകടം* | സർക്കാർ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ഒരു മാസത്തിനകം ലഭ്യമാക്കിയ സീലുകൾ പതിച്ച സർട്ടിഫിക്കറ്റ്, കൂടാതെ ശസ്ത്രക്രിയ നടന്നിട്ടുണ്ടെങ്കിൽ തീയതിയുള്ള ഡിസ്ചാർജ്ജ് സമ്മറിയും |
| *b. **സ്ഥായിയായ അവശത* | മെഡിക്കൽ ബോർഡിന്റെ (% ഉള്ളത്) സർട്ടിഫിക്കറ്റ് |
| *c. ***വിദഗ്ധ ചികിത്സാർത്ഥം* | വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്നതിന് അതത് ജില്ലാ മെഡിക്കൽ ഓഫീസിലെ സർട്ടിഫിക്കറ്റ് |
| *d. ****പൂർണ്ണമായ ആശ്രയം* | *ഗുരുതരമായ രോഗം പിടിപ്പെട്ട മാതാവ് / പിതാവ് ജീവനക്കാരെ പൂർണ്ണമായി ആശ്രയിക്കുന്നു എന്നതിന് റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ് കൂടി നൽകണം |

**സ്പെഷ്യൽ ഡിസബിലിറ്റി:-**

26.09.2022-ലെ സ. ഉ. (എംഎസ്) നമ്പർ. 22/2022/ഉ.പ.ഭ.വ., 07.11.2022-ലെ സ. ഉ. (എംഎസ്) നമ്പർ. 24/2022/ഉ.പ.ഭ.വ., 06.11.2024-ലെ സ. ഉ. (എംഎസ്) നമ്പർ. 22/2024/ഉ.പ.ഭ.വ. എന്നിവ പ്രകാരം കേന്ദ്ര സർക്കാരിന്റെ 08.10.2018-ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിക്കുന്നതും ചുവടെപ്പറയുന്നതുമായ **Special Disability**-യുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളും / ജീവിതപങ്കാളിയെ സംരക്ഷിക്കുന്നവരും / സഹോദരങ്ങളെ സംരക്ഷിക്കുന്നവരും ആയ സർക്കാർ ജീവനക്കാരെ കഴിവതും പൊതു സ്ഥലം മാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയുണ്ട്.

**Special Disability:-** (**i**) locomotor disability including leprosy cured person, cerebral palsy dwarfism, muscular dystrophy & acid attack victims (**ii**) blindness (**iii**) low-vision (**iv**) deaf (**v**) hard of hearing (**vi**) speech & language disabilities (**vii**) intellectual disability including specific learning disabilities & autism spectrum disorder (**viii**) mental illness (**ix**) disability caused due to (a) neurological conditions such as multiple sclerosis & parkinson's disease (b) blood disorder haemophilia, thalassemia & sickle cell disease (**x**) multiple disabilities (more than one of the above specified disabilities) including deaf blindness & any other category of disabilities as may be notified by the central government.

***മേൽ സ്പെഷ്യൽ ഡിസബിലിറ്റി തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ***

Special Disability-യിൽ മെഡിക്കൽ ബോർഡിന്റെ ( % ഉള്ളത്) സർട്ടിഫിക്കറ്റ് ആവശ്യമുള്ളതിന് നിർബന്ധമായും ആയത് മാത്രവും, മറ്റുള്ളവയ്ക്ക് സർക്കാർ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ഒരു മാസത്തിനകം ലഭ്യമാക്കിയ സീലുകൾ പതിച്ച സർട്ടിഫിക്കറ്റും, കൂടാതെ ശസ്ത്രക്രിയ നടന്നിട്ടുണ്ടെങ്കിൽ തീയതിയുള്ള ആയതിന്റെ സമ്മറിയും, സഹോദരങ്ങളെ സംരക്ഷിക്കുന്നു എന്നതിന് റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ് കൂടി നൽകണം

മേൽ അപേക്ഷകൾ സ്ഥാപനമേധാവിക്ക് നൽകേണ്ട തീയതി : 23.12.2024, 4.00 PM

സ്ഥാപനമേധാവികൾ ടി അപേക്ഷകൾ അയച്ചുതരേണ്ട തീയതി : 24.12.2024, 4.00 PM

1. മേൽ പ്രകാരമുള്ളതല്ലാതെ സ്ഥലംമാറ്റത്തിനുള്ള യാതൊരു അപേക്ഷകളും സ്ഥാപനമേധാവികൾ സ്വീകരിക്കുവാൻ പാടുള്ളതല്ലായെന്ന് കർശന നിർദ്ദേശം നൽകുന്നു.

2. മേൽ പ്രകാരമുള്ള അപേക്ഷയിൽ ആയത് തെളിയിക്കുന്നതിനാവശ്യമായ മേൽപ്പറയുന്ന രേഖകൾ ഇല്ലാത്തവയും സ്വീകരിക്കുവാൻ പാടുള്ളതല്ല.

3. ട്രെയിനിംഗ് ഡയറക്ടറുടെ 24.09.2024-ലെ DT/2314/2024-A2 നമ്പർ ഉത്തരവിലെ അനുബന്ധം-1 പ്രകാരം അനുകമ്പാർഹത / സ്പെഷ്യൽ ഡിസബിലിറ്റി അനുവദിച്ച് നൽകിയ ജീവനക്കാർ ഈ സർക്കുലർ പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ**
Signed by
Shammi Baker A
Date: 17-12-2024 22:10:47

**സ്വീകർത്താവ് :-**

1) എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2) വകുപ്പ് വെബ്സൈറ്റ് (പ്രസിദ്ധീകരണത്തിന്)